പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഏഴാമത് റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഏഴാമത് റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2016-19) യുടെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	**v**
മുഖവുര	:	**vii**
റിപ്പോർട്ട്	:	**1**
അനുബന്ധം **I**		
പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും	:	**36**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി **(2026-28)** യുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി **(2016-19)** യുടെ നാലാമത് റിപ്പോർട്ടിലെ (കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ **2005-06** മുതൽ **2009-10** വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം **26**-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ **28**

റിപ്പോർട്ട്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ 4-ാമത് (കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്) റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2016-2019)യുടെ 4-ാമത് റിപ്പോർട്ട്, 2016 ഒക്ടോബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 29 ഖണ്ഡികകളായി സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരുന്നു . പ്രസ്തുത നിഗമനങ്ങൾ/ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടികൾ 11.12.2024 തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ നിഗമനങ്ങൾ /നിർദ്ദേശങ്ങൾ എന്നിവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ കുറിപ്പ്, സമിതി ആവശ്യപ്പെട്ട അധിക വിവരം, തുടർ ശിപാർശകൾ എന്നിവ അധ്യായം I-ൽ ചേർത്തിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതും ഒഴിവാക്കിയതുമായ നിഗമനങ്ങൾ/നിർദ്ദേശങ്ങളും മറുപടികളും അധ്യായം II-ലും ചേർത്തിരിക്കുന്നു.

അധ്യായം - I

സമിതിയുടെ നിഗമനങ്ങൾ/നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ച നടപടികളും മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും തുടർ ശിപാർശകളും.

ഖണ്ഡിക നമ്പർ -45

ശിപാർശ

1.1.1 ഓഡിറ്റ് തടസ്സം നിലനിൽക്കെ പരാമർശവിധേയനായ സെക്രട്ടറിക്ക് ബാധ്യതാരഹിത സാക്ഷ്യപത്രം നൽകിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പേരാവൂർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 18,332/- രൂപ മാത്രം ടിയാന്റെ ബാധ്യതയായി തിട്ടപ്പെടുത്തി ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കി ബാക്കി തുക അനന്തരാവകാശികൾക്ക് നൽകിയ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി അനുചിതമാണെന്നും ഇപ്രകാരം അനുമതി നൽകാനുണ്ടായ സാഹചര്യമെന്തെന്ന് റിപ്പോർട്ട് ചെയ്യുവാനും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പരാമർശവിധേയനായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഡി.സി.ആർ.ജി.-യും മറ്റ് ആനുകൂല്യവും കൈപ്പറ്റിയ, ടിയാന്റെ അനന്തരാവകാശികളിൽ നിന്നും ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.1.2 സേവനത്തിൽ നിന്നും വിരമിച്ച ഒരു ജീവനക്കാരന്റെ വ്യക്തിഗത ബാധ്യത കെ.എസ്.ആർ. ഭാഗം 3 റൂൾ പ്രകാരം ടിയാന് നോട്ടീസ് നൽകി 3 വർഷത്തിനുള്ളിൽ നിയമാനുസൃതമായി തിട്ടപ്പെടുത്തിയാൽ മാത്രമെ ഒരു ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും നിയമപരമായി ഈടാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും, ശ്രീ. ആർ. ബാലചന്ദ്രന്റെ ബാധ്യതാ സാക്ഷ്യപത്രം 3 വർഷത്തിന്

ശേഷമാണ് തിട്ടപ്പെടുത്തി കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത് എനനതിനാലും 27/04/201 എ 2/8583/05 നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ ഡി.സി.ആർ.ജി. പുനർനിർണ്ണയിച്ച് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിരുന്നു. ആയതിനാലാണ് സമയപരിധിക്കകം ബാധ്യത റിപ്പോർട്ട് ചെയ്ത പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 18,332/- രൂപ ടിയാന് അർഹമായ ഡി.സി.ആർ.ജി. തുകയായ 2,01,903/- രൂപയിൽ നിന്നും റിക്കവറി നടത്തി ബാക്കി വരുന്ന തുക ടിയാന്റെ അനന്തരാവകാശികളായ ശ്രീമതി അശ്വതി ബാലചന്ദ്രനും മക്കളായ അനന്തു ബി., അരവിന്ദ് ബി. എന്നിവർക്ക് തുല്യഭാഗങ്ങളായി അനുവദിച്ചത്. 09.02.2011-ന് ശ്രീ. ബാലചന്ദ്രന്റെ അനന്തരാവകാശികളോട് ബാധ്യത തുക അടച്ചുനൽകുന്നതിന് കത്ത് നൽകിയിരുന്നു. എന്നാൽ പിന്നീട് നിയമസഭാസമിതി അനന്തരാവകാശികളിൽ നിന്നും ഈടാക്കുന്നതിന് ശിപാർശ ചെയ്ത 16,97,455/- രൂപ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2014-16)യുടെ 24-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 18, 19 പ്രകാരം 9,31,586/- രൂപയും 2016-19-ലെ 4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 43, 44, 45 പ്രകാരം 7,65,989/- രൂപ ഈടാക്കുന്നതിന് വേണ്ടി കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27.06.2017-ന് അനന്തരാവകാശികൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിരുന്നു. ആയതിനെതിരെ അനന്തരാവകാശികൾ WP(C)No.22139/07 നമ്പർ ആയി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പഞ്ചായത്ത് ആയതിനെതിരെ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ടെന്നും കോടതി ഉത്തരവ് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.1.3 ബാധ്യതാരഹിത സാക്ഷ്യപത്രം നൽകിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പരാമർശവിധേയനായ സെക്രട്ടറിയുടെ അനന്തരാവകാശികളായ ശ്രീമതി അശ്വതി, ശ്രീ. അരവിന്ദ് ബി., ശ്രീ. അനന്തു ബി., ശ്രീമതി പാറുക്കുട്ടിയമ്മ എന്നിവർക്ക് തുക ഈടാക്കാതിരിക്കുന്നതിന് കാരണം കാണിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് അയച്ചിട്ടും 15 ദിവസത്തിനകം തുകയൊന്നും അടവാക്കാത്തതിനാലും കാരണമൊന്നും ബോധിപ്പിക്കാത്തതിനാലും തുക ഈടാക്കുന്നതിനായി കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും റവന്യൂ റിക്കവറി നോട്ടീസ് നൽകുകയായിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും പ്രസ്തുത നടപടിക്കെതിരെ എതിർകക്ഷികൾ ഫയൽ ചെയ്തു . 04.07.2017 തീയതിയിലെ WP(C)No.22139 നമ്പർ അന്യായത്തിനെതിരെ പഞ്ചായത്ത് വക്കാലത്ത് നൽകിയിട്ടുണ്ട് . കേസ് ബഹു. ഹൈക്കോടതി പരിഗണനയിലാണ്.

തുടർ ശിപാർശ

1.1.4 റവന്യൂ റിക്കവറി നോട്ടീസ് നൽകിയ ഗ്രാമപഞ്ചായത്തിന്റെ നടപടിക്കെതിരെ എതിർ കക്ഷികൾ ഹൈക്കോടതിയിൽ ഫയല് ചെയ്ത കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു . കോടതിയുടെ അന്തിമവിധിക്ക് ശേഷം പ്രസ്തുത വിഷയം പരിഗണിക്കാൻ സമിതി തീരുമാനിച്ചു.

ഖണ്ഡിക നമ്പർ -61

ശിപാർശ

1.2.1 സെക്രട്ടറിയുടെ പ്ലാൻ പി .ഡി. അക്കൗണ്ടിൽ നിന്നും ടാർ വാങ്ങുന്നതിനായി 2,21,418 രൂപ പിൻവലിച്ചതിനോ വിനിയോഗിച്ചതിനോ യാതൊരു രേഖയും ഇല്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. പരാമർശവിധേയനായ സെക്രട്ടറിക്കെതിരെ വിജിലൻസ് കേസ് നിലനിന്നിരുന്നതിനാൽ ടിയാനെതിരെ തുടർ

നടപടികളൊന്നും സ്വീകരിച്ചിരുന്നില്ലെന്ന് വിലയിരുത്തിയ സമിതി വിജിലൻസ് കേസ് തീർപ്പാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ആയത് സംബന്ധിച്ച യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വിജിലൻസ് കേസിൽ നടപടി വൈകുന്ന പക്ഷം കുറ്റക്കാർ രക്ഷപെട്ട് പോകാനുള്ള സാധ്യത ഏറെയാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും കേസിന്മേലുള്ള കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.2.2 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ 3-1 ആയി പരാമർശിക്കപ്പെട്ട 2,21,418/- രൂപ സെൽഫ് ചെക്ക് മുഖേന പിൻവലിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസിൽ തലശ്ശേരി വിജിലൻസ് കോടതി ഒന്നാം പ്രതിയായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് സി. എം. മാണി, രണ്ടാം പ്രതിയായ അന്നത്തെ സെക്രട്ടറി ഐറിൻ ഫെർണാണ്ടസ് എന്നിവരെ ശിക്ഷിക്കുകയും ആയതിനെതിരെ മേൽ പരാമർശിതർ ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ടെന്നും ടി അപ്പീൽ ഹർജിയിന്മേലുള്ള കോടതി ഉത്തരവ് അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.2.3 സെൽഫ് ചെക്ക് മുഖേന പിൻവലിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസിൽ തലശ്ശേരി വിജിലൻസ് കോടതി ഒന്നാം പ്രതിയായ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് സി. എം. മാണി, രണ്ടാം പ്രതിയായ അന്നത്തെ സെക്രട്ടറി ഐറിൻ ഫെർണാണ്ടസ് എന്നിവരെ ശിക്ഷിക്കുകയും ആയതിനെതിരെ മേൽ പരാമർശിതർ ഹൈക്കോടതിയിൽ

അപ്പീൽ ഹർജി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . ആയത് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

തുടർ ശിപാർശ

1.2.4 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നമ്പർ -74

ശിപാർശ

1.3.1 കൊപ്ര ഡ്രയർ നിർമ്മിക്കുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർക്ക് 68,226 രൂപ മുൻകൂർ നൽകിയെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത സ്ഥലത്തിന് ചുറ്റും വെള്ളം കെട്ടി നിന്നിരുന്നതായതിനാൽ അടിത്തറയും ചുറ്റുമതിലും സ്ഥാപിച്ചെങ്കിലും കാലപ്പഴക്കവും മഴയും കാരണം ആയത് നശിച്ചുപോവുകയും തുടർ പ്രവർത്തനം നടത്താൻ കഴിയാതെ പോവുകയും ചെയ്തുവെന്ന് സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനറിൽ നിന്നും പഞ്ചായത്തിന് നഷ്ടം വന്ന തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ശിപാർശ ചെയ്യുന്നു. കൂടാതെ കൊപ്ര ഡ്രയർ പദ്ധതി തുടരേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം മറ്റേതെങ്കിലും പദ്ധതികൾക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.3.2 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പൂർത്തിയാക്കാൻ ഇതുവരെ കഴിയാത്ത കൊപ്ര ഡ്രയർ നിർമ്മാണ പദ്ധതിയിൽ കൺവീനർക്ക് നൽകിയ 68,226/- രൂപ തിരികെ ഈടാക്കുന്നതിനായി. 14.01.2013 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾക്കായി കണ്ണൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നുവെന്നും 2013/42862/13 നമ്പർ റവന്യൂ റിക്കവറി നടപടി ഇതുവരെ പൂർത്തിയായിട്ടില്ലെന്നും നിലവിൽ ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ WP(C)26123/2013 നമ്പരായി കേസ് നിലവിലുണ്ടെന്നും 20.09.2017 ഗ്രാമപഞ്ചായത്ത് എതിർവാദ പത്രിക സമർപ്പിച്ചിട്ടുള്ളതും അന്തിമവിധി ലഭ്യമായിട്ടില്ലെന്നും നിലവിൽ ഹർജിക്കാരന് അനുകൂലമായ സ്റ്റേ നീക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.3.3 റവന്യൂ റിക്കവറി നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത സ്ഥലം മറ്റേതെങ്കിലും പദ്ധതികൾക്ക് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

തുടർ ശിപാർശ

1.3.4 പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക നമ്പർ - 95

ശിപാർശ

1.4.1 24.91 ലക്ഷം രൂപ ചെലവഴിച്ച പദ്ധതി പ്രവർത്തനമാരംഭിക്കാതിരുന്നതിന്റെയും കെട്ടിടവും യന്ത്രോപകരണങ്ങളും നശിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ചും സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറോട് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും നാളിതുവരെ ലഭ്യമായിട്ടില്ല . തെളിവെടുപ്പുവേളയിൽ സമിതിക്ക് നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാട്ടുന്നതായി സമിതി വിലയിരുത്തുന്നു . ആയതിനാൽ പരാമർശ വിധേയമായ ആധുനിക അറവുശാലയുടെയും ബയോഗ്യാസ് പ്ലാന്റിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.4.2 ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം ഏറ്റെടുത്ത ബയോടെക് എന്ന സ്ഥാപനം പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് 02.07.2009-ന് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. അറവുശാലയുടെ പ്രവർത്തനം ആരംഭിക്കാത്തതുകൊണ്ട് തന്നെ പൂർത്തീകരിച്ച പ്ലാന്റും പ്രവർത്തിപ്പിച്ചിരുന്നില്ല . ആയതുകൊണ്ട് നിലവിൽ പ്ലാന്റും ഉപയോഗക്ഷമമല്ലാതായിരിക്കുകയാണ്. നിലവിൽ അറവുശാല കെട്ടിടവും ബയോഗ്യാസ് പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലവും ചുറ്റുമതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്. ചെറിയ അറ്റകുറ്റപ്പണികൾ, ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയാൽ കെട്ടിടം പൂർണ്ണതോതിൽ ഉപയോഗയോഗ്യമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബയോടെക് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. വളപട്ടണം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന 2/409, 2/410

നമ്പറായുള്ള അറവുശാല കെട്ടിടങ്ങൾ നിലവിലുള്ള മാർക്കറ്റിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾ മാർക്കറ്റായി ഉപയോഗിക്കാൻ സാധിക്കുന്നവയാണെന്നും, മാർക്കറ്റിലെ മാലിന്യങ്ങൾ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നും മേൽക്കെട്ടിടങ്ങൾ പഞ്ചായത്തിന് വരുമാനദായകമായ രീതിയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്നത് സംബന്ധിച്ച് ഭരണ സമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിനായി 03.12.2024-ന് പഞ്ചായത്ത് ഭരണസമിതി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി ഭരണ സമിതി തീരുമാനമടക്കമുള്ള നിലവിലെ വസ്തുതകൾ സമിതി മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.4.3 അറവുശാലയുടെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഉപകരണങ്ങൾ മിക്കതും കളവ് പോകുകയും, ആയത് സംബന്ധിച്ച് വളപട്ടണം പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിരുന്നുവെങ്കിലും ഉപകരണങ്ങൾ തിരിച്ച് കിട്ടാൻ സാധ്യതയില്ല എന്ന് മറുപടി ലഭിച്ചതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ബയോഗ്യാസ് പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം ചുറ്റുമതിൽകെട്ടി സംരക്ഷിച്ചിട്ടുണ്ട്.

തുടർ ശിപാർശ

1.4.4 വളപട്ടണം ഗ്രാമപഞ്ചായത്തിൽ അറവുശാലയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും മാർക്കറ്റിന് സമീപത്തുള്ള

സ്ഥലമായതിനാൽ കെട്ടിടം മാർക്കറ്റായി ഉപയോഗിക്കാൻ 03.12.2024-ന് ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള വിവരം തെളിവെടുപ്പ് വേളയിൽ സർക്കാർ വ്യക്തമാക്കി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

അധ്യായം - II

സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ - 2

ശിപാർശ

2.1.1 കമ്പ്യൂട്ടർ മുറി സജ്ജീകരിക്കുന്നതിനുപയോഗിച്ച ഫർണിച്ചറുകളും അനുബന്ധ സാധനങ്ങളും പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു . നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.1.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 7

ശിപാർശ

2.2.1 1998-99-ൽ ജെ.ആർ.വൈ. പദ്ധതി പ്രകാരം മടക്കര ബോട്ട്ജെട്ടി നിർമ്മാണ പ്രവൃത്തിക്ക് മുൻകൂറായി 38,900/- രൂപ കൺവീനർക്ക് നൽകിയതായും 29.08.2000-ൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം 79,103/- രൂപ കണക്കാക്കി മുൻകൂർ കുറച്ച് 40,203/- രൂപ ഭാഗിക ബിൽ നൽകിയെങ്കിലും കൺവീനർ പ്രവൃത്തി പൂർത്തീകരിച്ചില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രവൃത്തിയുടെ മൂല്യം കണക്കാക്കി ഭാഗിക ബിൽ നൽകുമ്പോൾ നിയമപ്രകാരം കുറയ്ക്കേണ്ട 10% റീടെൻഷൻ തുക കുറയ്ക്കാതെ മുഴുവൻ തുകയും നൽകിയിരിക്കുന്നു. മടക്കര-മാട്ടൂൽ പാലത്തിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചതിനാലാണ് ബോട്ട്ജെട്ടിയുടെ നിർമ്മാണ പ്രവർത്തനം തുടരാതിരുന്നതെന്നും ആയതിനാലാണ് 10% റീടെൻഷൻ തുക ഈടാക്കാതിരുന്നതെന്നും തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യപ്പെട്ടു. മുൻകൂറായി തുക കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രവൃത്തി എറ്റെടുത്ത്, എഗ്രിമെന്റ് കാലാവധിക്കകം പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.2 കൺവീനറിൽ നിന്നും പരാമർശ തുക ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് 27.11.2008-ന് അപേക്ഷ നൽകിയിരുന്നുവെന്നും തുടർന്ന് കൺവീനർ പി. എ. ദിനമണി എന്നയാൾക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലെന്നും ടിയാൻ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലാണെന്നും മാട്ടൂൽ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും

ടിയാൻ 12.09.2021 തീയതി മരണപ്പെട്ടതായും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. പ്രവൃത്തി എറ്റെടുത്ത്, എഗ്രിമെന്റ് കാലാവധിക്കകം പണി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യഥാസമയം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.2.3 ബോട്ടുജെട്ടി നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ബോട്ട്ജെട്ടി മാട്ടൂൽ മടക്കര പാലം വന്നതിനാൽ നിലവിൽ പുതുതായി ബോട്ട്ജെട്ടി നിർമ്മിക്കേണ്ടതില്ല എന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 8

ശിപാർശ

2.3.1 മുൻകൂർ കൈപ്പറ്റിയ വ്യക്തി രോഗബാധിതനായി കിടപ്പായതിനാൽ ആർ.ആർ. നടപടി സ്വീകരിക്കാൻ സാധിക്കില്ലെന്ന സർക്കാർ മറുപടി നിരീക്ഷിച്ച സമിതി 2008-ന് ശേഷം റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി , തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ, ആർ. ആർ. നടപടിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന് യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരങ്ങളും മടക്കര-മാട്ടൂൽ പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 കൺവീനറിൽ നിന്നും പരാമർശ തുക ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യൂ റിക്കവറി നടപടിയിൽ കൺവീനർ പി. എ. ദിനമണി എന്നയാൾക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലെന്നും ടിയാൻ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലാണെന്നും മാട്ടൂൽ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ മാട്ടൂൽ-മടക്കര പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിൽ 3 ബസ് സർവ്വീസടക്കം നടത്തി വരുന്നുണ്ടെന്നും മടക്കര-മാട്ടൂൽ നിവാസികൾ തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് പോകുന്നതിനും വരുന്നതിനും പ്രസ്തുത പാലമാണ് നിലവിൽ ഉപയോഗിച്ചുവരുന്നതെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.3.3 ബോട്ടുജെട്ടി നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മാട്ടൂൽ മടക്കര പാലം വന്നതിനാൽ നിലവിൽ പുതുതായി ബോട്ട്ജെട്ടി നിർമ്മിക്കേണ്ടതില്ല എന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 9

ശിപാർശ

2.4.1 മാട്ടൂൽ ബോട്ട്ജെട്ടി നിർമ്മാണത്തിന് കൺവീനർക്ക് നൽകിയ മുൻകൂർ തുക ഈടാക്കുന്നതിനുള്ള ആർ .ആർ. നടപടി ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.4.2 കൺവീനറിൽ നിന്നും പരാമർശ തുക ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് 27.11.2008-ന് അപേക്ഷ

നൽകിയിരുന്നുവെന്നും തുടർന്ന് കൺവീനർ പി. എ. ദിനമണി എന്നയാൾക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലെന്നും ടിയാൻ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലാണെന്നും മാട്ടൂൽ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും ടിയാൻ 12.09.2021 തീയതി മരണപ്പെട്ടതായും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ നൽകിയ കാലയളവിലെ സെക്രട്ടറിയും ടി കാലയളവിലെ പ്രസിഡന്റും ടി കാലയളവിൽ ബില്ലുകൾ തയ്യാറാക്കുന്നതിന് താൽക്കാലികമായി ജോലി ചെയ്തിരുന്ന റിട്ടേർഡ് എഞ്ചിനീയർ ശ്രീ. രാഘവൻ എന്നിവരും മരണപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ കരാറുകാരൻ ആയിരുന്ന ശ്രീ . ദിനമണി എന്നയാളിൽ നിന്നും ആർ. ആർ. നടപടിയിലൂടെ തുക തിരിച്ച് പിടിക്കുവാൻ സാധിക്കുകയില്ല എന്ന് തഹസിൽദാറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.4.3 06.11.2013-ന് മാട്ടൂൽ വില്ലേജ് ഓഫീസർ നൽകിയ കത്ത് (ബഹു. ജില്ലാ കളക്ടർ കണ്ണൂരിന്റെ 27.12.2014-ലെ ജി 5-2014/12863/13 നമ്പർ കത്ത്) പ്രകാരം ബോട്ട്ജെട്ടി നിർമ്മാണ കമ്മിറ്റി കൺവീനർക്ക് പി. എ. ദിനമണി എന്നവർക്ക് സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെയില്ലെന്നും ടിയാൻ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലാണെന്നും അറിയിച്ചിട്ടുണ്ട്. ശ്രീ. ദിനമണി പി. എ. 12.09.2021 തീയതി മരണപ്പെട്ടു.

ഖണ്ഡിക നമ്പർ - 20

ശിപാർശ

2.5.1 അധിക സബ്സിഡി നൽകിയതുവഴി നഷ്ടമായ 13,556/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു . നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.5.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 21

ശിപാർശ

2.6.1 സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതിലൂടെ പഞ്ചായത്തിന് 26,984/- രൂപ നഷ്ടമായതിന് ഉത്തരവാദിയായ കൃഷി ഓഫീസർക്കെതിരെ സ്വീകരിച്ച സർച്ചാർജ് നടപടിക്കെതിരെ ടിയാൻ ഫയൽ ചെയ്ത കേസ് ജില്ലാ കോടതി തള്ളിയ സാഹചര്യത്തിൽ , നഷടത്തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകപ്പ് ലഭ്യമാക്കിയ മറുപടിയിൽ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തുക ഈടാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും 09.08.2006-ന് ശേഷം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തരമായി ഈടാക്കണമെന്നും തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ ചട്ടപ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 സബ്സിഡി അധികമായി അനുവദിച്ചതിലൂടെ നിരാകരിച്ച തുക 26,884/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. നാരായണൻ എൻ. വി.-യിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ വഴി ഈടാക്കിയിട്ടുള്ളതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.6.3 തുക ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 22

ശിപാർശ

2.7.1 കശുമാവുകളിലെ തേയിലക്കൊതുക് നിവാരണ പദ്ധതിയുടെ നടത്തിപ്പിനായി അധിക നിരക്കിൽ സബ്സിഡി അനുവദിച്ചതുവഴി പഞ്ചായത്തിന് നഷ്ടമുണ്ടായ 13,167/- രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കാതിരുന്നത് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലുള്ള വിഷയമായതിനാലാണെന്ന സർക്കാർ മറുപടി സമിതി ഗൗരവമായി വീക്ഷിക്കുന്നു. ഓഡിറ്റ് ചൂണ്ടിക്കാട്ടുന്ന അപാകങ്ങളിന്മേൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണെന്നും നടപടി സ്വീകരിക്കുവാൻ വൈകുന്നതുമൂലം പരാമർശവിധേയനായ വ്യക്തി രക്ഷപ്പെട്ട് പോകുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കിയും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു മറുപടിയും

ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സമിതി നിർദ്ദേശം പാലിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പഞ്ചായത്തിന് നഷ്ടമായ തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. പി. കെ. രാധാകൃഷ്ണൻ 13,167/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.7.3 തുക ഒടുക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ – 24

ശിപാർശ

2.8.1 പരാമർശ വിധേയമായ രണ്ട് റോഡ് പ്രവൃത്തികൾക്കായി അധിക നിരക്ക് നൽകിയത് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സാങ്കേതിക വിദഗ്ദ്ധസമിതി നിശ്ചയിച്ച നിരക്കനുസരിച്ചാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.8.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ - 27

ശിപാർശ

2.9.1 കെ.എസ്.ആർ.ഡി.ബി.യിൽ നിന്നുള്ള വായ്പത്തുക ഗഡുക്കളായി അടച്ചു വരുന്നുണ്ടെന്നും ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയതിലൂടെ പ്രതിമാസം ഒന്നരലക്ഷത്തിലധികം രൂപ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.9.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ - 43 & 44

ശിപാർശ

2.10.1 7.65 ലക്ഷം രൂപ യാതൊരു രേഖയുമില്ലാതെ ചെലവ് ചെയ്ത ഉദ്യോഗസ്ഥൻ മരണപ്പെട്ടതായും പെർഫോമൻസ് ഓഡിറ്റ് ശരിയായ പരിശോധന

നടത്താതിരുന്നതിനാലാണ് പ്രസ്തുത വിഷയം മേലുദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടാതെ പോയതെന്നും സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് വകുപ്പ് നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടും ഭരണസമിതിയും പഞ്ചായത്ത് വകുപ്പും ടിയാന് അനുകൂലമായ നിലപാട് സ്വീകരിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഈ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായതുൾപ്പെടെ ഓഡിറ്റ് നിരാകരിച്ചതും തടസ്സപ്പെടുത്തിയതുമായ ഒന്നര കോടിയോളം രൂപയുടെ ബാധ്യത ഉണ്ടായിരുന്നിട്ടും, സസ്പെൻഷനിലായിരുന്ന ടിയാനെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയും ചെയ്ത നടപടി അംഗീകരിക്കാനാകില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. പരാമർശവിധേയനായ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും വിശദമായി പരിശോധിച്ച് വകുപ്പു സെക്രട്ടറിയുമായി ചർച്ച ചെയ്ത് രണ്ടുമാസത്തിനകം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ നിന്നും ഓഡിറ്റ് വകുപ്പും പെർഫോമൻസ് ഓഡിറ്റും സംയുക്തമായി പരിശോധിച്ചതിൽ പരാമർശ വിധേയനായ സെക്രട്ടറി ചെലവ് രേഖകൾ സൂക്ഷിക്കുന്നതിൽ കുറ്റകരമായ അനാസ്ഥയും നിരുത്തരവാദിത്വവും കാണിച്ചിരുന്നതായി സമിതി മനസ്സിലാക്കുന്നു.

2.10.2 ചെലവുകളെ സാധൂകരിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ലെന്ന് പരിശോധനാ സംഘത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ നിന്നും സമിതി മനസിലാക്കുന്നു. ഇടക്കാല മറുപടിയിൽ പരാമർശിച്ച വസ്തുതകൾ പൂർണ്ണമായും ശരിയാണെന്നും സ്ഥിരം ആസ്തികളുടെ ഭൗതിക പരിശോധനയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടുന്നു.

ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ നേരിൽ കണ്ട് പരിശോധന നടത്തി, പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ ലഭ്യമല്ലെന്നും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.10.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 24-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 18, 19 പ്രകാരം 9,31,586.80/- രൂപയും 2016-19 ലെ 4-ാമത് റിപ്പോർട്ടിലെ 43,44,45 ഖണ്ഡികകൾ പ്രകാരം 7,65,898/- രൂപയും കൂടി ആകെ 16,97,485/- രൂപ ശ്രീ. ആർ. ബാലചന്ദ്രൻ(ലേറ്റ്) റിട്ട.സെക്രട്ടറി അദ്ദേഹത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണ വേളയിൽ നഷ്ടം വരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തുക ടിയാന്റെ അനന്തരാവകാശികളിൽ നിന്നും ഈടാക്കുന്നതിന് കീഴല്ലൂർ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. ടിയാന്റെ അനന്തരാവാശികളായി ശ്രീമതി അശ്വതി, ശ്രീ. അരവിന്ദ് ബി, ശ്രീ. അനന്തു.ബി, ശ്രീമതി പാറുക്കുട്ടിയമ്മ എന്നിവരുടെ കൊച്ചിയിലുള്ള വിലാസത്തിൽ തുക ഈടാക്കാതിരിക്കുന്നതിന് കാരണം കാണിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് അയച്ചിരുന്നു . എന്നാൽ അനുവദിച്ച 15 ദിവസത്തിനകം തുകയൊന്നും അടവാക്കാത്തതിനാലും കാരണമൊന്നും ബോധിപ്പിക്കാത്തതിനാലും കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

എന്നാൽ മേൽ നടപടിക്കെതിരെ എതിർ കക്ഷികൾ ബഹു . കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No).22139/2017-ൽ 08.08.2017 തീയതിയിലെ ഉത്തരവ് പ്രകാരം സ്റ്റേ നേടിയിട്ടുള്ളതും തുടർന്ന് 04.07.2017 ടി കേസിൽ ഗ്രാമപഞ്ചായത്ത് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുള്ളതുമാകുന്നു. ബഹു.

ഹൈക്കോടതി പ്രസ്തുത കേസ് ഫൈനൽ ഹിയറിംഗ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും കേസ് നിലവിൽ വിചാരണയിലാണെന്നും സ്റ്റാൻഡിംഗ് കൗൺസൽ 27.11.2024-ന് അറിയിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.10.4 പ്രത്യേക പരാമർശം ഇല്ല.

ഖണ്ഡിക നമ്പർ - 48

ശിപാർശ

2.11.1 നടപടി ക്രമങ്ങൾ പാലിക്കാതെയും ക്വട്ടേഷൻ ക്ഷണിക്കാതെയും സോഡിയം വാതക വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്ക് 13,565/- രൂപ ചെലവഴിച്ചതായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത, കേടായ വിളക്കുകളുടെ എണ്ണം, അവശ്യം വേണ്ട സാധനങ്ങളുടെ വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല . നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടായിരുന്നതിനാലാണ് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാതിരുന്നതെന്നും 2008-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചെങ്കിലും ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതിക്ക് മനസിലാകുന്നു. എന്നാൽ 2013-ൽ പ്രസ്തുത ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ ടിയാന്റെ ഡി .സി.ആർ.ജി.-യിൽ നിന്നും നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് നൽകാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിക്ക് ഉറപ്പ് നൽകിയെങ്കിലും അതിന് യാതൊരു മറുപടിയും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു . തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകുന്ന

ഉറപ്പുകൾ പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ ടിയാന്റെ ഡി.സി.ആർ. ജി.യിൽ നിന്നും നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.11.2 ഓഡിറ്റിൽ പരാമർശിച്ച തുകയായ 13,365/- രൂപ നഷ്ടോത്തരവാദിയുടെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.11.3 തുക ഒടുക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ - 51

ശിപാർശ

2.12.1 ഗുണഭോക്തൃ സമിതി കൺവീനർ രോഗബാധിതനായതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും മുൻകൂർ കൈപ്പറ്റിയ തുകയിൽ നിന്നും പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം ഒഴികെയുള്ള തുക പലിശ സഹിതം ഈടാക്കിയതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.12.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തില് ടി ഓഡിറ്റ് പരാമർശം

സർക്കാർ ഒഴിവാക്കിയ വിവരം ബഹു . നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.12.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 53

ശിപാർശ

2.13.1 കൺവീനർക്ക് അധികമായി നല്കിയ 17,545/-രൂപ പലിശ സഹിതം ഈടാക്കിയതായി ബോദ്ധ്യപ്പെടതിനാൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.13.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.13.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 55

ശിപാർശ

2.14.1 പാടി തൗവ്വറ റോഡിൽ വച്ചിരപ്പാടി കലുങ്ക് നിർമ്മാണത്തിന് പാർട്ട്

ബിൽ പ്രകാരം നൽകിയ 32,000/-രൂപ മറ്റൊരു പ്രവൃത്തിയായ മുത്തപ്പൻ പൊടിക്കളത്തിന് സമീപം കൾവർട്ട് നിർമ്മിച്ച പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചതായി ബോധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.14.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.14.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ - 65

ശിപാർശ

2.15.1 ഖരമാലിന്യ സംസ്കരണ യൂണിറ്റിന് 6.43 ലക്ഷം രൂപ ചെലവഴിച്ച് സ്ഥലവും ട്രാക്ടർ കം-ട്രെയിലറും വാങ്ങിയെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് കാരണം മാലിന്യ ശേഖരണം നടക്കാതിരുന്നതിനാൽ ട്രെയിലർ ഉപയോഗശൂന്യമായതായി സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പ് ആയത് സംബന്ധിച്ച് സാധ്യതാ പഠനം നടത്താതെയും സാങ്കേതികാഭിപ്രായം തേടാതെയും കാര്യങ്ങൾ ചെയ്തതുകൊണ്ടാണ് പദ്ധതി ലക്ഷ്യം കൈവരിക്കാത്തതെന്ന് സമിതി വിലയിരുത്തുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിന് മുമ്പ് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ട്രാക്ടർ -കം-ട്രെയിലർ വാങ്ങുകയും

ശരിയായി സംരക്ഷിക്കാതെ തുരുമ്പെടുത്ത് നശിക്കുകയും ചെയ്തതിന് ഉത്തരവാദികളായവർക്കെതിരെ യാതൊരു വകുപ്പുതല നടപടിയും സ്വീകരിച്ചില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ മെഷിനറി സംരക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലം പഞ്ചായത്തിന്റെ മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനും സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും ഇതിൻമേൽ യാതൊരു മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ സമിതി നിർദ്ദേശിച്ചിട്ടുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.15.2 പ്രദേശവാസികളുടെ കടുത്ത എതിർപ്പിനെ തുടർന്നാണ് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ പഞ്ചായത്തിന് സാധിക്കാതെ വന്നത്. തുടർന്ന് പ്രസ്തുത സ്ഥലം എം.സി.എഫ്. കേന്ദ്രമായി ഉപയോഗപ്പെടുത്തുകയും ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിൽ നിന്നും വേർതിരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കേന്ദ്രത്തിൽ ശേഖരിച്ച് വരുന്നു. ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റ് വെച്ച് സമയബന്ധിതമായി ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നുണ്ട്. ഉപയോഗിക്കാതെ കിടന്ന ട്രാക്ടർ കം ട്രെയിലർ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തതിനാൽ സ്ക്രാപ്പ് വിലയ്ക്ക് വിൽക്കുന്നതിനു പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗം ശിപാർശ ചെയ്യുകയുണ്ടായി. തുടർന്ന് 05.02.2014-നു ലേലം നടത്തുകയും വാറ്റ് അടക്കം 63,375/- രൂപക്ക് ട്രാക്ടർ വിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയുമുണ്ടായെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.15.3 നിലവിൽ പ്രസ്തുത സ്ഥലം എം.സി.എഫിനായി ഉപയോഗിച്ചു വരുന്നുണ്ട്. ട്രാക്ടർ 05.02.2014-ന് പുനഃലേലം നടത്തി 63315/- രൂപ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ - 69

ശിപാർശ

2.16.1 മിനി വ്യവസായ എസ്റ്റേറ്റ് വൃദ്ധസദനം എന്നിവയ്ക്കായി വൻതുക ചെലവഴിച്ചിട്ടും പ്രവർത്തന സജ്ജമായിട്ടില്ലെന്ന് സമിതി മനസിലാക്കുന്നു. വ്യവസായ എസ്റ്റേറ്റ് ടൗണിൽ നിന്നും വളരെ അകലെ ആയതിനാലാണ് ആരും സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടു വരാതിരുന്നതെന്ന് സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. മതിയായ സാധ്യതാ പഠനം നടത്താതെ ടൗണിൽ നിന്ന് വളരെ അകലെയുള്ളതും ആവശ്യമായ ഗതാഗത സാകര്യമില്ലാത്തതുമായ സ്ഥലത്ത് മിനി എസ്റ്റേറ്റ് സ്ഥാപിച്ചതുകൊണ്ടാണ് പദ്ധതി ലക്ഷ്യത്തിലെത്താതെ ഉപേക്ഷിക്കുവാൻ ഇടയാകുകയും ലക്ഷക്കണക്കിന് രൂപയുടെ പാഴ് ചെലവിലേക്ക് നയിക്കുകയും ചെയ്തതെന്ന് സമിതി വിലയിരുത്തുന്നു. ബുദ്ധിവികാസം പ്രാപിക്കാത്ത കുട്ടികൾക്ക് ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് വ്യവസായ എസ്റ്റേറ്റിലെ കെട്ടിടം ഉപയോഗിക്കാൻ തീരുമാനമെടുത്തതായി സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. വൃദ്ധസദനവും ബഡ്സ് സ്കൂളും എത്രയും വേഗം ആരംഭിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. 2013-ൽ തന്നെ അവ പ്രവർത്തനം ആരംഭിച്ചിട്ട് റിപ്പോർട്ട് ചെയ്യാമെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിക്ക് ഉറപ്പുനൽകിയെങ്കിലും ആയത് പാലിക്കാതിരുന്നത് സമിതിയോടുള്ള കടുത്ത

അനാദരവായി കാണുന്നു. വൃദ്ധസദനവും ബഡ്സ് സ്കൂളും പ്രവർത്തനം ആരംഭിച്ചോ എന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.16.2 മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് 2003 -04 വർഷത്തിൽ 3,05,855/- രൂപ ചെലവഴിച്ച് സ്ഥലം വാങ്ങുകയും 2006-07 കെട്ടിടത്തിന്റെ പണി പൂർത്തിയാവുകയും ചെയ്തു. എന്നാൽ വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന് ആരും

സന്നദ്ധരായി മുന്നോട്ടു വരികയുണ്ടായില്ല . തുടർന്ന് 27.07.2012-ന് ചേർന്ന മയ്യിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രസ്തുത കെട്ടിടത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കാൻ തീരുമാനിക്കുകയും 13.06.2014-ന് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

2.16.3 2003-04 വർഷത്തിൽ വൃദ്ധസദനം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുകയും വയറിംഗ് പ്രവർത്തികളടക്കം 2006-07 വർഷത്തിൽ പൂർത്തീകരിക്കുകയുമുണ്ടായി. കെട്ടിടം നിർമ്മിച്ച കാലഘട്ടത്തിൽ പ്രസ്തുത സ്ഥലത്തേക്ക് മതിയായ ഗതാഗത സൗകര്യമുണ്ടായിരുന്നില്ല. തുടർ വർഷങ്ങളിൽ അതുവഴി ആറാം മൈൽ അപ്പാരൽ പാർക്ക് റോഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അക്കാലത്ത് സ്വന്തമായി കെട്ടിടമില്ലാതിരുന്ന 62 നമ്പർ അംഗൻവാടി താൽക്കാലികമായി കെട്ടിടത്തിൽ പ്രവർത്തിച്ചുവരികയും ചെയ്തിരുന്നു. സ്വന്തമായി കെട്ടിടം പണിതതിനാൽ 62-ാം നമ്പർ അംഗൻവാടി താൽക്കാലികമായി കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയും ചെയ്തിരുന്നു . സ്വന്തമായി കെട്ടിടം പണിതതിനാൽ 62-ാം നമ്പർ അംഗൻവാടി 02.11.2019-ന് പുതിയ

കെട്ടിടത്തിലേക്ക് പ്രവർത്തനം മാറുകയും ചെയ്തു. പരാമർശ കെട്ടിടം വയോജന പകൽ വിശ്രമ കേന്ദ്രമായി പ്രവർത്തിച്ച് വരികയാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.16.4 പ്രസ്തുത സ്ഥലത്ത് നിലവിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വൃദ്ധസദനം വയോജന പകൽ വിശ്രമ കേന്ദ്രമായി നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

ഖണ്ഡിക നമ്പർ – 71

ശിപാർശ

2.17.1 കൈത്തറി നെയ്ത്തുശാല, ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റ് എന്നിവയ്ക്ക് വേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ ഇപ്പോൾ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ ഭക്ഷണശാലയും എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിച്ച് വരുന്നുവെന്നും അതിനാൽ ആസ്തി നിഷ്ക്രിയമായിട്ടില്ലെന്നും പദ്ധതി ആസൂത്രണത്തിൽ വന്ന പിഴവ് മാത്രമാണെന്നും സമിതി വിലയിരുത്തുന്നു. കെട്ടിടം ഉപയോഗപ്പെടുത്തുന്നുവെന്നും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.17.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശേധനാ റിപ്പോർട്ട്

2.17.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 77

ശിപാർശ

2.18.1 വ്യവസായ കേന്ദ്രത്തിനായി നിർമ്മിച്ച കെട്ടിടത്തിലെ മുറികളും മത്സ്യമാർക്കറ്റ് ഷെഡും വാടകയ്ക്ക് നൽകിയതിലൂടെ പദ്ധതിപ്പണം പ്രയോജനപ്രദമായി വിനിയോഗിച്ചതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വികസന പ്രവർത്തനത്തിനുള്ള ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന പ്രവണത ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ, പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.18.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.18.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 79

ശിപാർശ

2.19.1 ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ കാതലായ ഘടകമായ ഗ്രാമ/വാർഡ് കമ്മിറ്റികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വിളിച്ചുചേർക്കപ്പെടുന്ന ഗ്രാമസഭകളിൽ ക്വാറം തികയാതെ വരുന്നതും

ഗൗരവകരമായ ചർച്ചകൾ നടക്കാത്തതും ജനകീയാസൂത്രണം ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ജനപങ്കാളിത്തം ഇല്ലാതെ ഗ്രാമസഭകൾ കൂടുകയും തിരുമാനങ്ങളെടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി സമിതി നിരീക്ഷിക്കുന്നു . ഗ്രാമ/വാർഡ്/സഭ കമ്മിറ്റികളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ബോധവൽക്കരണം ഉൾപ്പെടെയുള്ള ക്രിയാത്മകമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി സർക്കാർ മറുപടിയിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു . അധികാരം ജനങ്ങളിലെത്തിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്ന ഗ്രാമ /വാർഡ് സഭകൾ യഥാസമയത്ത് വിളിച്ച് ചേർക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.19.2 ഗ്രാമ/വാർഡ് സഭകൾ യഥാസമയത്ത് വിളിച്ച് ചേർക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകേണ്ടതാണെന്നുള്ള നിർദ്ദേശം സർക്കാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട് പരാമർശ ഖണ്ഡികയിലെ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.19.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 81

ശിപാർശ

2.20.1 ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസനഫണ്ടിന്റെ വിനിയോഗം കുറവ് വരാത്ത രീതിയിലാണെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റ് അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.20.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.20.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ – 86

ശിപാർശ

2.21.1 കുറ്റ്യാട്ടൂർ, കുറുമാത്തൂർ, ചേലോറ, ഏഴോം എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവിധ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.21.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം സർക്കാർ

ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.21.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 87

ശിപാർശ

2.22.1 കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ വ്യവസായ യൂണിറ്റിനായി പൂർത്തീകരിച്ച കെട്ടിടം ലേലം ചെയ്യുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന് നാളിതുവരെ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ലെന്നത് സമിതിയോടുള്ള കടുത്ത അനാദരവായി കണക്കാക്കുന്നു. ആയതിനാൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം ലേലം ചെയ്യുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ചും വ്യവസായ എസ്റ്റേറ്റിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.22.2 കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമ്മാണം 2006-07 ൽ പൂർത്തിയായെങ്കിലും കെട്ടിടത്തിൽ വെള്ളം വൈദ്യുതി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയത് 2009-10 ലാണ്. 08.02.2013 ലെ 106/2013 നമ്പർ തീരുമാനപ്രകാരം ടി കെട്ടിടങ്ങൾ പരസ്യലേലം ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ ലേലം കൊണ്ടവർ വേനൽക്കാലത്ത് കുടിവെള്ള ലഭ്യതയില്ലാത്തതിനാൽ ലേലംകൊണ്ട് കെട്ടിടത്തിൽ സംരംഭം ആരംഭിച്ചിട്ടില്ല. പിന്നീട് കുഴൽകിണർ ഉപയോഗയോഗ്യമാക്കിയതിന് ശേഷം 14.07.2015 ന് ലേലം നടത്തിയപ്പോൾ ഒരു

കെട്ടിടം ലേലം കൊണ്ടെങ്കിലും 26.06.2016 ന് ലേലം കൊണ്ടയാൾ ടി കെട്ടിടം ഒഴിവാക്കി. തുടർന്ന് 28.02.2017 ന് ലേലം നടത്തിയപ്പോൾ ലേലം കൊണ്ടയാൾ എഗ്രിമെന്റ് വെക്കുന്നതിനോ സെക്യൂരിറ്റി തുക അടക്കുന്നതിനോ ഹാജരായില്ല.

2.22.3 18.01.2016 ന് അടുത്ത കെട്ടിടം ലേലം കൊള്ളുകയും കെട്ടിടം ലേലത്തിൽ പിടിച്ച് യൂണിറ്റ് നടത്തികൊണ്ടിരുന്നയാൾ നിർമ്മാണ യൂണിറ്റ് പിന്നീട് അടച്ച് പൂട്ടിയിട്ടുള്ളതാണെന്നും വ്യവസായ എസ്റ്റേറ്റിലെ മുറികൾ ലേലം ചെയ്യുവാൻ കാലതാമസം ഉണ്ടായത് മനപൂർവ്വമല്ലെന്നും നിലവിൽ രണ്ട് കെട്ടിടവും ലേലം കൊണ്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.22.4 നിലവിൽ രണ്ട് കെട്ടിടവും ലേലം ചെയ്തിട്ടുണ്ട്.

ഖണ്ഡിക നമ്പർ 94

ശിപാർശ

2.23.1 ജനനിബിഡമായ ഗ്രാമ പ്രദേശത്ത് ആധുനിക അറവുശാല പ്രായോഗികമല്ലെന്നുള്ള സെന്റർ ഓഫ് എക്സലൻസ് ഇൻ മീറ്റ് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറുടെയും ഗ്രാമീണ അറവുശാല നിർമ്മിക്കുന്നതാണ് അഭികാമ്യം എന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെയും വിദഗ്ദ്ധോപദേശങ്ങൾ അവഗണിച്ച് കൊണ്ട് ആധുനിക അറവുശാല നിർമ്മിച്ചതു വഴി 24.91 ലക്ഷം രൂപയുടെ ധനദുർവിനിയോഗം നടന്നതായി സമിതി നിരീക്ഷിക്കുന്നു. 2008-ലെ നിയമ പ്രകാരം ആധുനിക അറവുശാല നിർമ്മിക്കുന്നതിനു മാത്രമേ ശുചിത്വമിഷൻ സാങ്കേതികാനുമതി നൽകുന്നുള്ളൂവെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതിക്ക് ബോധ്യമായി. എന്നാൽ പ്രവർത്തനം ആരംഭിക്കാത്ത അറവുശാലയുടെ അറ്റകുറ്റപ്പണിക്ക് തുക അനുവദിച്ചതിനോട് സമിതി

യോജിക്കുന്നില്ല.

സർക്കാർ സ്വീകരിച്ച നടപടി

2.23.2 അറവുശാല നിർമ്മിക്കുന്നതിനു വേണ്ടി സർക്കാരിൽ നിന്നും ഗ്രാന്റായി 20 ലക്ഷം രൂപ ലഭിച്ചതിൽ 2,63,863/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുക ലാപ്സായിപ്പോയതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ഘട്ടം ഘട്ടമായി ബാക്കി തുക കണ്ടെത്തിയാണ് അറവുശാലയുടെ കെട്ടിടനിർമ്മാണവും , മെഷീനറികൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ അറവുശാലയുടെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല . കൂടാതെ ഉപകരണങ്ങൾ മിക്കതും കളവു പോകുകയും , ആയത് സംബന്ധിച്ച് വളപട്ടണം പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിരുന്നുവെങ്കിലും ഉപകരണങ്ങൾ തിരിച്ചു കിട്ടാൻ സാദ്ധ്യതയില്ല എന്ന് പോലീസിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.23.3 പ്രത്യേക പരാമർശമില്ല.

ഖണ്ഡിക നമ്പർ – 97

ശിപാർശ

2.24.1 പരാമർശ വിധേയമായ ഗ്രാമപഞ്ചായത്തുകൾ ക്യാഷ് ബുക്കുകളും അനുബന്ധ രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.24.2 സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർനടപടികൾ സർക്കാർ ഒഴിവാക്കിയിട്ടുള്ള വിവരം ബഹു. നിയമസഭാ സമിതി

മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.24.3 പരാമർശം ഒഴിവാക്കാവുന്നതാണ്.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ തുടർ ശിപാർശകൾ
1	1.1.4	തദ്ദേശസ്വയംഭരണ വകുപ്പ്	റവന്യൂ റിക്കവറി നോട്ടീസ് നൽകിയ ഗ്രാമപഞ്ചായത്തിന്റെ നടപടിക്കെതിരെ എതിർ കക്ഷികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കോടതിയുടെ അന്തിമവിധിക്ക് ശേഷം പ്രസ്തുത വിഷയം പരിഗണിക്കാൻ സമിതി തീരുമാനിച്ചു.
2	1.2.4	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.
3	1.3.4	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.
4	1.4.4	തദ്ദേശസ്വയംഭരണ വകുപ്പ്	വളപട്ടണം ഗ്രാമപഞ്ചായത്തിൽ അറവുശാലയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും മാർക്കറ്റിന് സമീപത്തുള്ള സ്ഥലമായതിനാൽ കെട്ടിടം മാർക്കറ്റായി ഉപയോഗിക്കാൻ 03.12.2024-ന് ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള വിവരം തെളിവെടുപ്പ് വേളയിൽ സർക്കാർ വ്യക്തമാക്കി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.